# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂലൈ 11, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി
വിദ്യാഭ്യാസ വകുപ്പുമന്ത്രി
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

*91. ശ്രീ.വി.ഡി.സതീശൻ
,, അടൂർ പ്രകാശ്
,, കെ.സി.ജോസഫ്
,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര കുടുംബങ്ങൾക്കാണ് ഈ പദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## ഭൂമിയുടെ ന്യായവില

*92. ശ്രീ.രാജു എബ്രഹാം
,, പി. ഉണ്ണി
,, യു. ആർ. പ്രദീപ്
,, കാരാട്ട് റസാഖ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണയം പൂർത്തിയായിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു;

(ബി) ന്യായവില നിർണയം സംബന്ധിച്ച് അപാകതകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനായി എന്തു നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(സി) ന്യായവില നിർണയം വലിയൊരു പരിധി വരെ അഴിമതി കുറയ്ക്കാനിടയാക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ നിയതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും നീതിയുക്തമായും ന്യായവില നിർണയം അടിയന്തരമായി പൂർത്തിയാക്കുമോ?

## സർക്കാർ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

*93. ശ്രീ.ജെയിംസ് മാത്യു
ശ്രീമതി.വീണാ ജോർജ്ജ്
പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) മുൻ സർക്കാർ, അംഗീകാരമില്ലാത്ത 396 വിദ്യാലയങ്ങൾക്ക് അംഗീകാരവും 555 സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് എൻ.ഒ.സി.യും നൽകിയത് പൊതു വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; ഏങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മുൻ സർക്കാരിന്റെ നിലപാട് തിരുത്തി സർക്കാർ വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യവും അക്കാദമിക സൗകര്യവും മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

*94. ശ്രീ.ഷാഫി പറമ്പിൽ
,, കെ.എസ്.ശബരീനാഥൻ
,, അൻവർ സാദത്ത്
,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്;

(സി) ഈ പദ്ധതി വഴി എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) നേട്ടങ്ങൾ കൈവരിക്കാൻ ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്തിയത്; വിശദമാക്കുമോ?

<u>ദേശീയപാത വികസനം</u>

*95. ശ്രീ.പി.വി. അൻവർ
,, എസ്.ശർമ്മ
,, എം. രാജഗോപാലൻ
,, കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത വികസനം സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക അകറ്റുന്നതിനും, അവരുടെ പുനരധിവാസത്തിനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(സി) 2013 ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ ഭൂമി ഏറ്റെടുക്കൽ സുതാര്യതയും, ന്യായ നഷ്ടപരിഹാരവും പുനരധിവാസവും, പുനരാവാസവും (The Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act) അവകാശ നിയമപ്രകാരമാണോ സ്ഥലം ഏറ്റെടുക്കുന്നത്; ഇതു പ്രകാരം നഷ്ടപരിഹാരത്തിനും, പുനരധിവാസത്തിനുമുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

തീരദേശ വികസന അതോറിറ്റി

*96. ശ്രീ.കെ. ദാസൻ

,, കെ.വി.അബ്ദുൾ ഖാദർ

,, വി. ജോയി

ശ്രീമതി യു. പ്രതിഭാ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിനായി തീരദേശ വികസന അതോറിറ്റി രൂപീകരിക്കുമെന്ന് 2011-12 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഈ അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നെന്നും അവ പ്രാവർത്തികമാക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങളും അറിയിക്കുമോ;

(സി) ഈ സർക്കാർ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസമേഖലയിൽ ഉദ്ദേശിക്കുന്ന അടിയന്തര ഇടപെടലുകൾ

*97. ശ്രീ.എ. പ്രദീപ്കുമാർ

,, ആന്റണി ജോൺ

,, കെ.ഡി. പ്രസേനൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലാപ്പറമ്പ് സ്കൂൾ പൂട്ടാനിടയായതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസമേഖലയിൽ ഉദ്ദേശിക്കുന്ന അടിയന്തര ഇടപെടൽ എന്തൊക്കെയാണ് ; വിശദമാക്കുമോ;

(ബി) സർക്കാർ വിദ്യാലയങ്ങൾ വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ളതാക്കി മാറ്റാൻ പശ്ചാത്തല സൗകര്യത്തിലും അക്കാദമിക് സൗകര്യത്തിലും വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ;

(സി) അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ?

കോളേജുകൾ അനുവദിച്ചതിലും പദവി നൽകിയതിലുമുള്ള ക്രമക്കേടുകൾ

*98. ശ്രീ.സി. ദിവാകരൻ

,, വി.ആർ. സുനിൽ കുമാർ

,, എൽദോ എബ്രഹാം

,, കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകൾ അനുവദിച്ചതിലും എയ്ഡഡ് പദവി നൽകിയതിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ രണ്ടു വർഷത്തിനുള്ളിൽ എത്ര സ്കൂളുകൾക്കും കോളേജുകൾക്കും എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അറബിക് സ്കൂളുകൾക്ക് ആർട്ട്സ് ആന്റ് സയൻസ് പദവി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളെ കോളേജുകളാക്കി ഉയർത്തിയെന്ന് വെളിപ്പെടുത്തുമോ;

(സി) നിയമവിരുദ്ധമായും നിബന്ധന പാലിക്കാതെയും അനുവദിച്ചിട്ടുള്ള ഇത്തരം കോളേജുകളുടെയും സ്കൂളുകളുടെയും കാര്യത്തിൽ എന്തു തീരുമാനമാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം

*99. ശ്രീ.പി. ഉണ്ണി
,, രാജു എബ്രഹാം
,, ഡി.കെ. മുരളി
,, വി. അബ്ദുറഹിമാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ നടക്കുന്നതായി ആക്ഷേപമുള്ള അഴിമതിയും ക്രമക്കേടുകളും തടയാൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്‌വർക്ക് സംവിധാനം പൂർണ്ണമായും നടപ്പിലായോ;

(ഡി) എന്തൊക്കെ സേവനങ്ങളാണ് ഓൺലൈനിലൂടെ നൽകുന്നതെന്ന് വ്യക്തമാക്കുമോ; കൂടുതൽ സേവനങ്ങൾ ഓൺലൈൻ വഴി നൽകിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും ക്രമക്കേടും അഴിമതിയും തടയാൻ നടപടി സ്വീകരിക്കുമോ?

<u>പാവപ്പെട്ടവർക്കുള്ള ഭവന നിർമ്മാണം</u>

*100. ശ്രീ.അനൂപ് ജേക്കബ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത എല്ലാ പാവപ്പെട്ടവർക്കും വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഒരു വീട് നിർമ്മിക്കുന്നതിന് പരമാവധി എത്ര രൂപ വരെ ലഭ്യമാക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിൽ പഴക്കം ചെന്ന വീട് പുതുക്കി നിർമ്മിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമിയും വീടും ഇല്ലാത്തവർക്ക് ഇവ നൽകുന്ന പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് ലഭിയ്ക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>കടൽ സുരക്ഷാ പദ്ധതി</u>

*101. ശ്രീ.എം. രാജഗോപാലൻ
,, എസ്.ശർമ്മ
,, എം. നൗഷാദ്
,, സി. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിൽ മുൻ സർക്കാർ വീഴ്ച വരുത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച "സംയോജിത കടൽ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ നടപടി സ്വീകരിച്ചിരുന്നോയെന്ന് വിശദമാക്കാമോ;

(സി) കടൽ സുരക്ഷയ്ക്ക് ഉതകുന്ന ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ആഗോള വിദ്യാഭ്യാസ സംഗമം</u>

*102. പ്രൊഫ.കെ.യു. അരുണൻ
ശ്രീ.റ്റി.വി.രാജേഷ്
,, ഐ.ബി. സതീഷ്
,, എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആഗോള സംഗമത്തിൽ പങ്കെടുത്ത അന്താരാഷ്ട്ര, ദേശീയ, സംസ്ഥാന സ്ഥാപനങ്ങൾ ഏതൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആഗോള സംഗമത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയെന്നും അവയുടെ പ്രവർത്തന മേഖലയും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വാണിജ്യവത്ക്കരിക്കുന്നതായി പറയപ്പെടുന്ന മുൻ സർക്കാരിന്റെ നയം തിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ ഭൂമി കൈയ്യേറ്റം തടയാൻ നടപടി</u>

*103. ശ്രീ.എസ്.രാജേന്ദ്രൻ
,, വി.എസ്.അച്ചുതാനന്ദൻ
,, ഒ. ആർ. കേളു
,, മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കൈയ്യേറ്റം തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) കൈയ്യേറ്റക്കാർ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുവാൻ ശക്തമായ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഹാരിസൺ മലയാളം, ട്രാവൻകൂർ റബർ & ടീ, എ.വി.ടി തുടങ്ങിയ വൻകിട കൈയ്യേറ്റക്കാർക്ക് ഭൂമി മറിച്ചു വിൽക്കുന്നതിന് സൗകര്യമൊരുക്കിയ റവന്യൂ ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

<u>തണ്ണീർത്തടങ്ങളുടെയും, ജലാശയങ്ങളുടെയും, നെൽവയലുകളുടെയും ഡാറ്റാ ബാങ്ക്</u>

*104. ശ്രീ.സി.മമ്മൂട്ടി
,, പി.കെ.ബഷീർ
,, ആബിദ് ഹുസൈൻ തങ്ങൾ
,, ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടങ്ങളുടെയും, ജലാശയങ്ങളുടെയും, നെൽവയലുകളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ഉപഗ്രഹ ചിത്രങ്ങൾ ശേഖരിച്ചു പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

<u>അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി</u>

*105. ശ്രീ.പി.ടി. തോമസ്

,, വി.ഡി.സതീശൻ

,, അനിൽ അക്കര

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പരിപാടി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പരിപാടിയുടെ നടത്തിപ്പിന് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി</u>

*106. ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.ഡി.കെ. മുരളി

,, ആർ. രാജേഷ്

,, സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ പദ്ധതികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി നിന്നുപോകുവാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പുന:സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകമായ കോഴ്സുകൾ ഉൾപ്പെടുത്തിയും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചും അക്കാദമിക്ക് നിലവാരം ഉയർത്തിയും പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>വിദ്യാർത്ഥികൾക്കായുള്ള വ്യവസായ സംരംഭകത്വ പദ്ധതി</u>

*107. ശ്രീ.കെ.എസ്.ശബരീനാഥൻ

,, വി.എസ്.ശിവകുമാർ

,, എ.പി. അനിൽ കുമാർ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ (എസ്.ഇ.എസ്) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിയ്ക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിന്റെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>പബ്ലിക് ഓഫീസുകളിലെ സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ</u>

*108. ശ്രീ.റോഷി അഗസ്റ്റിന്‍

,, മോന്‍സ് ജോസഫ്

,, സി.എഫ്.തോമസ്

ഡോ.എന്‍. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പബ്ലിക് ഓഫീസുകളില്‍ സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങള്‍ പരിമിതമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊതുകെട്ടിടങ്ങള്‍ സ്ത്രീ സൗഹൃദമാക്കുന്നതിന് ഇടുങ്ങിയ വഴികള്‍, പടിക്കെട്ടുകള്‍ മുതലായവ ഒഴിവാക്കി പ്ലാനുകളും ഡിസൈനുകളും ഇതിനനുസൃതമായി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ, താലൂക്ക്, വില്ലേജ് ആസ്ഥാനങ്ങളിലെ പബ്ലിക് ഓഫീസുകളില്‍ സ്ത്രീകള്‍ക്കായി കൂടുതല്‍ ടോയിലറ്റ് സൗകര്യങ്ങള്‍ ഏര്‍പ്പെടുത്താന്‍ സത്വര നടപടി സ്വീകരിക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വര്‍ഷം ഇതിലേക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>മത്സ്യ ലഭ്യത കുറയുന്നത് സംബന്ധിച്ച പഠന റിപ്പോര്‍ട്ട്</u>

*109. ശ്രീമതി സി.കെ. ആശ

ശ്രീ.ജി.എസ്.ജയലാല്‍

,, ഇ.റ്റി. ടൈസണ്‍ മാസ്റ്റര്‍

,, എല്‍ദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും ഹാര്‍ബര്‍ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേരള തീരത്ത് മത്സ്യ ലഭ്യത കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ 2014-നെ അപേക്ഷിച്ച് 2015-ല്‍ ഉണ്ടായ കുറവെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) മത്സ്യ സമ്പത്ത് കുറയുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍ ഇതു സംബന്ധിച്ച എത്ര പഠന റിപ്പോര്‍ട്ടുകള്‍ ഗവണ്‍മെന്റില്‍ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഠന റിപ്പോര്‍ട്ടുകളുടെ വെളിച്ചത്തില്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>വര്‍ദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങള്‍</u>

*110. ശ്രീ.കെ.എം.ഷാജി

ഡോ.എം. കെ. മുനീര്‍

ശ്രീ.പി.ബി. അബ്ദുല്‍ റസ്സാക്ക്

,, അബ്ദുല്‍ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മുങ്ങിമരണങ്ങള്‍ അടുത്തിടെയായി വര്‍ദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ദുരന്തങ്ങള്‍ ആവര്‍ത്തിക്കുന്നതിനുള്ള കാരണങ്ങള്‍ വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇത്തരം ദുരന്തങ്ങളില്‍പ്പെടുന്നത് അധികവും വിദ്യാര്‍ത്ഥികളും യുവാക്കളുമാണെന്നതുകൊണ്ടുള്ള ദേശീയനഷ്ടം കണക്കിലെടുത്ത് ഇക്കാര്യത്തില്‍ മതിയായ മുന്‍കരുതല്‍ എടുക്കുന്നതിനുള്ള അടിയന്തര നടപടികള്‍ സ്വീകരിക്കുമോ?

<u>റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകാനുള്ള പദ്ധതി</u>

*111. ശ്രീ.ഹൈബി ഈഡൻ

,, ഐ.സി.ബാലകൃഷ്ണൻ

,, കെ.എസ്.ശബരീനാഥൻ

,, എം. വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ഇതുവഴി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ?

<u>ആശ്വാസ് പദ്ധതി</u>

*112. ശ്രീ.അൻവർ സാദത്ത്

,, വി.പി.സജീന്ദ്രൻ

,, എൽദോസ് കുന്നപ്പിള്ളി

,, വി.എസ്.ശിവകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>കശുവണ്ടി വ്യവസായമേഖലയിലെ പ്രതിസന്ധികൾ</u>

*113. ശ്രീ.ആർ. രാജേഷ്

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ

ശ്രീമതി യു. പ്രതിഭാ ഹരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തോട്ടണ്ടിയുടെ മേൽ ചുമത്തിയ വർദ്ധിപ്പിച്ച ഇറക്കുമതിച്ചുങ്കം കാരണം കശുവണ്ടി വ്യവസായത്തിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ കേന്ദ്രസർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കശുവണ്ടി വ്യവസായം സംരക്ഷിയ്ക്കുന്നതിനാവശ്യമായ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

<u>ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള അനധികൃത സ്ഥലം</u>

*114. ശ്രീ.ആന്റണി ജോൺ
,, എസ്.രാജേന്ദ്രൻ
,, എം.എം. മണി
,, സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന സ്ഥലം ഏറ്റെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) കമ്പനി എത്ര ഏക്കർ ഭൂമി അനധികൃതമായി കൈവശം വെച്ചിട്ടുണ്ടെന്നും, അതിൽ സർക്കാർ ഏറ്റെടുത്ത ഭൂമി എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം</u>

*115. ശ്രീ.വി.റ്റി.ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനം എന്ന നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദീകരിക്കാമോ;

(സി) എന്തെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി നടപ്പാക്കിയത്;

(ഡി) ഈ നേട്ടം കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ?

<u>അടച്ചുപൂട്ടൽ നേരിടുന്ന വിദ്യാലയങ്ങൾ</u>

*116. ശ്രീ.മുഹമ്മദ് മുഹസിൻ പി.
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.റ്റി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ചുപൂട്ടൽ നേരിടുന്ന വിദ്യാലയങ്ങളുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ മേഖലയിൽ എത്ര; എയ്ഡഡ് മേഖലയിലെത്ര;

(ബി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിന് സാഹചര്യമൊരുക്കുന്ന കോടതി വിധികൾ മറികടക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

<u>ഭവനനിർമ്മാണ പദ്ധതികൾ</u>

*117. ശ്രീ.കെ. രാജൻ
,, ആർ. രാമചന്ദ്രൻ
,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനു കീഴിൽ ഇപ്പോൾ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഭവനനിർമ്മാണ ബോർഡ് ഇപ്പോൾ ഭവനവായ്പകൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ഡി) ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്നും ആയത് പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>പാഠപുസ്തകങ്ങളുടെ അച്ചടി</u>

*118. ശ്രീ.പി.ടി.എ. റഹീം

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.വി. ജോയി

,, എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പുസ്തകമില്ലാതെ വിദ്യാർത്ഥികൾ പഠിക്കാനിടയായ സാഹചര്യം ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മുൻകാലങ്ങളിൽ സീ-ആപ്റ്റിൽ അച്ചടിച്ചിരുന്ന പാഠപുസ്തകങ്ങൾ സ്വകാര്യ പ്രിന്റിംഗ് പ്രസ്സിലേക്ക് മാറ്റാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം സംസ്ഥാനത്തിനുണ്ടായ അധിക സാമ്പത്തിക ബാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) പാഠപുസ്തകങ്ങളുടെ അച്ചടി കൃത്യസമയത്ത് നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>തീരദേശ നിയന്ത്രണമേഖല വിജ്ഞാപനം</u>

*119. ശ്രീ.എം. മുകേഷ്

,, എ.എം. ആരിഫ്

,, എ. എൻ. ഷംസീർ

,, കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണമേഖല വിജ്ഞാപനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ്; ഈ വസ്തുത കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ടോ;

(ബി) കേരളതീരത്തെ ജനസാന്ദ്രതയും തൊഴിൽ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിലെ അപ്രായോഗികതയും അവലോകനം ചെയ്തിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത നിയമത്തിൽ ഇളവ് ലഭിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

<u>ഉരുൾപൊട്ടൽ തടയുന്നതിനുള്ള നടപടികൾ</u>

*120. **ശ്രീ.എം.ഉമ്മർ**

**,, എൻ .എ.നെല്ലിക്കുന്ന്**

**,, പി.കെ.അബ്ദു റബ്ബ്**

**,, പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷകാലത്ത് ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ജീവനും സ്വത്തിനും സംരക്ഷണമേർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉരുൾപൊട്ടൽ സാദ്ധ്യത മുൻകൂട്ടി കണ്ടെത്താനുള്ള സാങ്കേതികവിദ്യ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ജയലക്ഷ്മി,

തിരുവനന്തപുരം, സെക്രട്ടറി-ഇൻ-ചാർജ്ജ്,

02-07-2016

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].